REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-11-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഡൽഹി കാർ ബോംബ് സ്ഫോടനത്തിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും പുറത്തു കൊണ്ടുവരുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ.**
- **ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിംഗ്. 66.91 ശതമാനം.**
- **ഇന്ന് പൊതു സേവന പ്രക്ഷേപണ ദിനം.**
- **ആലപ്പുഴ മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യം ഉത്സവം ഇന്ന്.**
- **രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള - സൗരാഷ്ട്ര മത്സരം സമനിലയിൽ.**

## വാർത്തകൾ വിശദമായി

ഡൽഹി കാർ ബോംബ് സ്ഫോടനത്തിൽ ഉത്തരവാദികളെ മുഴുവൻ അന്വേഷണ ഏജൻസികൾ പുറത്തു കൊണ്ടുവരുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. സ്ഥിതിഗതികൾ വിലയിരുത്താൻ ചേർന്ന രണ്ടാമത്തെ ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അമിത് ഷാ.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്......

സ്ഫോടന സംഭവത്തിന് ഉത്തരവാദികളായ ഓരോരുത്തരെയും ശക്തമായി നേരിടാൻ അമിത് ഷാ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ, ഡൽഹി പൊലീസ് കമ്മീഷണർ,

ദേശീയ അന്വേഷണ ഏജൻസി ഡയറക്ടർ ജനറൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

സ്ഫോടനത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും ഡൽഹി ഗവൺമെന്റ് സഹായധനം പ്രഖ്യാപിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് പത്തുലക്ഷം രൂപ വീതം നൽകുമെന്ന് മുഖ്യമന്ത്രി രേഖാഗുപ്ത അറിയിച്ചു. സ്ഥായിയായ അംഗവൈകല്യം ഉണ്ടായവർക്ക് അഞ്ച് ലക്ഷം രൂപ വീതവും സാരമായി പരിക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപ വീതവും നൽകും. പരിക്കേറ്റവർക്ക് മികച്ച ചികിത്സയും ലഭ്യമാക്കും.

ഡൽഹി കാർ സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ വിമാനത്താവളങ്ങളിൽ സുരക്ഷാ പരിശോധന കർശനമാക്കി. പരിശോധനയ്ക്ക് വേണ്ടിവരുന്ന അധിക സമയം കണക്കാക്കി വിമാനത്താവളങ്ങളിൽ നേരത്തെ എത്തണമെന്ന് യാത്രക്കാർക്ക് എയർപോർട്ട് അതോറിറ്റിയും സ്വകാര്യ വിമാനക്കമ്പനികളും നിർദേശം നൽകി.

✪✪✪

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പോളിംഗ്. 20 ജില്ലകളിലെ 122 മണ്ഡലങ്ങളിൽ ഇന്നലെ രണ്ടാം ഘട്ടത്തിൽ 69 ശതമാനത്തോളം വോട്ടിംഗ് രേഖപ്പെടുത്തി. ആദ്യ ഘട്ടത്തിൽ 65 ശതമാനത്തിലേറെയായിരുന്നു പോളിംഗ്. ഇതോടെ ശരാശരി 66.91 ശതമാനം പോളിംഗാണ് ബിഹാറിൽ ഉണ്ടായത്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലാദ്യാമായാണ് ബിഹാറിൽ ഇത്രയേറെ ഉയർന്ന ജനപ്രാതിനിധ്യം ഉണ്ടായതെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ അറിയിച്ചു.

പുരുഷന്മാരിൽ 62.8 ശതമാനം പേർ വോട്ട് ചെയ്തപ്പോൾ 71.6 ശതമാനം സ്ത്രീകളും വോട്ട് രേഖപ്പെടുത്തി. രണ്ട് ഘട്ടങ്ങളിലും കാര്യമായ സംഘർഷങ്ങളൊന്നും ഉണ്ടായില്ല. 243 മണ്ഡലങ്ങളിലേയും വോട്ടെണ്ണൽ വെള്ളിയാഴ്ചയാണ്. ഇന്നലെ പുറത്തുവന്ന എക്സിറ്റ്പോൾ ഫലങ്ങളെല്ലാം NDAയ്ക്ക് ഭരണത്തുടർച്ചയാണ് പ്രവചിക്കുന്നത്.

✪✪✪

ഇന്ന് പൊതു സേവന പ്രക്ഷേപണ ദിനം. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ആകാശവാണിയിലൂടെ രാഷ്ട്രത്തെ അഭിസംബോധന ചെയ്ത 1947 നവംബർ 12ന്റെ സ്മരണാർത്ഥമാണ് ദിനാചരണം. 2000-ത്തിൽ അന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സുഷമാ സ്വരാജാണ് നവംബർ 12ന് ദേശീയ സേവന പ്രക്ഷേപണദിനമായി ആചരിക്കുന്ന തീരുമാനം സ്വീകരിച്ചത്.

ഡെസ്ക് റിപ്പോർട്ട്....

...........വോയ്സ്........

ഒരേയൊരു തവണ മാത്രമാണ് മഹാത്മജി റേഡിയോയിലൂടെ ഇന്ത്യൻ ജനതയെ അഭിസംബോധന ചെയ്തത്. വിഭജനത്തിന് ശേഷം കുരുക്ഷേത്രയിൽ പാകിസ്ഥാനിൽ നിന്ന് അഭയാർത്ഥികളായി എത്തിയ ഇന്ത്യക്കാർക്ക് വേണ്ടിയായിരുന്നു മഹാത്മജിയുടെ റേഡിയോ പ്രക്ഷേപണം. സ്വാതന്ത്ര്യസമരസേനാനി രാജ്കുമാരി അമൃത് കൗറിനോടൊപ്പമാണ് അദ്ദേഹം ഡൽഹിയിലെ ബ്രോഡ്കാസ്റ്റിംഗ് ഹൗസിലെത്തിയത്.

റേഡിയോയിലൂടെ സംസാരിക്കാൻ ആദ്യം വിസമ്മതിച്ച മഹാത്മാഗാന്ധി ഘനശ്യാംദാസ് ബിർളയുടെ ഉപദേശത്തെ തുടർന്നാണ് പ്രക്ഷേപണത്തിന് തയ്യാറായത്. ഗാന്ധിജിയുടെ പ്രാർത്ഥനാ യോഗത്തിന്റെ മാതൃകയിൽ സ്റ്റുഡിയോ സജ്ജീകരിച്ചായിരുന്നു പ്രക്ഷേപണം. പിറ്റേന്ന് ഹിന്ദുസ്ഥാൻ ടൈംസ് ദിനപത്രത്തിൽ, മഹാത്മജി റേഡിയോയുടെ അപാര സ്വാധീനത്തെകുറിച്ച് പറഞ്ഞ വാക്കുകളായിരുന്നു പ്രധാന തലക്കെട്ട്.

ബിർളാ മന്ദിരത്തിലെ ഗാന്ധിജിയുടെ പ്രാർത്ഥനാ യോഗങ്ങൾ പിന്നീട് ആകാശവാണി ശബ്ദലേഖനം ചെയ്തുതുടങ്ങി. പ്രസാർഭാരതിയുടെ പുരാരേഖകളായി അവ ഇന്നും സൂക്ഷിച്ചു വരുന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഗാബ്രോണിൽ ബോട്സ്വാന പ്രസിഡന്റ് ഡ്യൂമ ബൊക്കോയുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും. വ്യാപാരം, നിക്ഷേപം, സാങ്കേതിക വിദ്യ, എന്നിവയടക്കം മേഖലകളിൽ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തുന്ന കാര്യങ്ങൾ ഇരുവരും ചർച്ച ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഭൂട്ടാൻ സന്ദർശനം തുടരുന്നു. ഇന്നലെ ഭൂട്ടാൻ രാജാവ് ജിഗ്മെ ഖേസർ വാങ്ചുക്കുമായി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഇരുനേതാക്കളും കാഴ്ചപ്പാടുകൾ കൈമാറി. ആഗോള വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തു. രാജാവ് ഒരുക്കിയ വിരുന്നിലും പ്രധാനമന്ത്രി പങ്കെടുത്തു.

✪✪✪

ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ കൊങ്കണി ഉൾപ്പെടെ 18 ഭാഷകളിൽ പ്രസ് റിലീസുകളും, ഫോട്ടോകളും, ലൈവ് യൂട്യൂബ് കവറേജും മാധ്യമങ്ങൾക്കായി തയ്യാറാക്കുമെന്ന് PIB പ്രൻസിപ്പൽ ഡയറക്ടറൽ ജനറൽ

ധീരേന്ദ്ര ഓജ പറഞ്ഞു. അഭിമുഖങ്ങൾക്ക് പ്രത്യേക സ്റ്റുഡിയോയും സജ്ജീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ എട്ടാം ദിവസമായ ഇന്നലെ വൈകിട്ട് ആറ് വരെ ഒരു കോടി 16 ലക്ഷത്തോളം പേർക്ക് എന്യൂമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U ഖേൽക്കർ അറിയിച്ചു. വോട്ടർമാരുടെ 42 ശതമാനമാണിത്. നവംബർ 25നകം ആദ്യ ഘട്ട എന്യൂമറേഷൻ ഫോം വിതരണം പൂർത്തീകരിക്കാനാകുമെന്ന് രത്തൻ U ഖേൽക്കർ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ മാതൃക പെരുമാറ്റച്ചട്ടത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഫയലുകളിൽ തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുൻകൂർ അനുമതി ആവശ്യമായവ പരിശോധിക്കാൻ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചു. ചീഫ് സെക്രട്ടറി അധ്യക്ഷനും പൊതുഭരണ വകുപ്പ് സെക്രട്ടറി കൺവീനറുമായ കമ്മിറ്റിയിൽ ബന്ധപ്പെട്ട വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയോ, പ്രിൻസിപ്പൽ സെക്രട്ടറിയൊ, സെക്രട്ടറിയോ അംഗമായിരിക്കും.

✪✪✪

ഇടുക്കി മൂലമറ്റം വൈദ്യുതി നിലയം പൂർണമായി ഷട്ട്ഡൗൺ ചെയ്തു. രാവിലെ കുളമാവ് അണക്കെട്ടിന്റെ ഇൻടേക്ക് ഗെയ്റ്റ് അടച്ചു. വൈദ്യുതി നിലയം പൂർണമായും അടക്കുമ്പോൾ ഉണ്ടാകുന്ന കുടിവെള്ള ക്ഷാമം മുൻ നിർത്തിയാണ് ഇന്നലെ നടത്തേണ്ടിയിരുന്ന പൂർണ ഷട്ട്ഡൗൺ ഇന്നത്തേക്ക് മാറ്റിയത്.

✪✪✪

ഇടുക്കി മൂലമറ്റം വൈദ്യുതി നിലയം പൂർണമായി ഷട്ട്ഡൗൺ ചെയ്തു. രാവിലെ കുളമാവ് അണക്കെട്ടിന്റെ ഇൻടേക്ക് ഗെയ്റ്റ് അടച്ചു. വൈദ്യുതി നിലയം പൂർണമായും അടക്കുമ്പോൾ ഉണ്ടാകുന്ന കുടിവെള്ള ക്ഷാമം മുൻ നിർത്തിയാണ് ഇന്നലെ നടത്തേണ്ടിയിരുന്ന പൂർണ ഷട്ട്ഡൗൺ ഇന്നത്തേക്ക് മാറ്റിയത്.

✪✪✪

കാഴ്ചപരിമിതരുടെ ആദ്യ വനിതാ ട്വന്റി 20 ലോക കപ്പിൽ ഇന്ത്യ ശ്രീലങ്കയെ പത്തു വിക്കറ്റിന് തോൽപ്പിച്ചു. ആദ്യം ബാറ്റു ചെയ്ത ശ്രീലങ്ക 13.3 ഓവറിൽ 41 റൺസിന് എല്ലാവരും പുറത്തായി. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ വിക്കറ്റ്

നഷ്ടപ്പെടാതെ മൂന്ന് ഓവറിൽ ലക്ഷ്യം മറികടന്നു. ഇന്ത്യ, ശ്രീലങ്ക, USA, നേപ്പാൾ, ഓസ്ട്രേലിയ, പാക്കിസ്ഥാൻ എന്നീ ആറു രാജ്യങ്ങളാണ് ടൂർണ്ണമെന്റിൽ പങ്കെടുക്കുന്നത്.

✪✪✪

പ്രസിദ്ധമായ ആലപ്പുഴ മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യം ഉത്സവം ഇന്ന്..

ആലപ്പുഴയിൽ നിന്ന് R രവികുമാർ...

........വോയ്സ്......

പ്രസിദ്ധമായ മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യം ഉത്സവം ഇന്ന് സ്ത്രീ മുഖ്യ മുഖ്യ പൂജാരിണിയായിട്ടുള്ള ക്ഷേത്രമാണ് മണ്ണാറശാല . ഇവിടുത്തെ വലിയമ്മ സാവിത്രി അന്തർജ്ജനത്തിന്റെ ദർശനത്തിനായി പതിനായിരങ്ങളാണ് കാത്തുനിൽക്കുന്നത് പൂജാരിണിയാകുന്ന പതിനായിരങ്ങളാണ് കാത്തുനിൽക്കുന്നത്.. രാവിലെ 10 മണിയോട് നാഗരാജാവാനും സർപ്പയക്ഷിക്കും തിരുവാഭരണം ചാർത്തി ആയില്യം പൂജ തുടങ്ങും. ആയില്യം പൂജയ്ക്കുള്ള നാഗപത്മക്കളം എടുത്ത് പൂർത്തിയായിക്കഴിഞ്ഞ് വലിയമ്മ സാവിത്രി അന്തർജ്ജനം ക്ഷേത്രത്തിൽ എത്തും. ഉച്ചയ്ക്കുശേഷമാണ് ആയില്ലം എഴുന്നള്ളത്ത് . വലിയമ്മ സാവിത്രി അന്തർജനം നാഗരാജാവിന്റെ തങ്ക തിരുമുഖവും നാഗഭണവുമായി ക്ഷേത്രത്തിൽ നിന്നും മണ്ണാറശാല ഇല്ലത്തേക്കാണ് പോകുന്നത് ചടങ്ങാണിത്.രാത്രി വൈകി നടത്തുന്ന നൂറും പാലും ചടങ്ങോട് കൂടിയാണ് ആയില്യം പൂജ പൂർണമാകുന്നത് . ഇന്ന് ആലപ്പുഴ ജില്ലയിൽ പ്രാദേശി അവധിയും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ശബരിമല സ്വർണ്ണപ്പാളി കേസിൽ മുഴുവൻ കുറ്റവാളികളുടെ അറസ്റ്റും ദേവസ്വം മന്ത്രിയുടെ രാജിയും ആവശ്യപ്പെട്ട് KPCC രാവിലെ സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും സംഘടിപ്പിക്കും.

ആശാൻ സ്ക്വയറിൽ നിന്ന് ആരംഭിക്കുന്ന സെക്രട്ടേറ്റ് മാർച്ചിൽ AICC ജനറൽ സെക്രട്ടറിമാരായ KC വേണുഗോപാൽ, ദീപാ ദാസ് മുൻഷി, KPCC പ്രസിഡന്റ് സണ്ണിജോസഫ്, പ്രതിപക്ഷനേതാവ് VD സതീശൻ, പ്രവർത്തക സമിതിയംഗങ്ങൾ എന്നിവരടക്കം നേതാക്കൾ പങ്കെടുക്കും.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേന്ദ്ര ഏജൻസികളെകൊണ്ട് അന്വേഷിപ്പിക്കണമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു. മുൻ ദേവസ്വം ബോർഡ് പ്രസിഡണ്ട് N വാസുവിന്റെ അറസ്റ്റ് ഗവൺമെന്റിന്റെ മുഖം രക്ഷിക്കാൻ മാത്രമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മാളത്തിൽ ഇരിക്കുന്ന പല ഉന്നതന്മാരെയും രക്ഷിക്കാനാണ് ഈ നീക്കമെന്നും അദ്ദേഹം പ്രസ്താവനയിൽ പറഞ്ഞു.

N വാസുവിന്റെ അറസ്റ്റ് ഇത്രയും വൈകാൻ കാരണമെന്താണെന്ന് ഗവൺമെന്റ് വിശദീകരിക്കണമെന്ന് വികസിത അനന്തപുരി പദയാത്ര ഉദ്ഘാടനം ചെയ്ത മുൻ കേന്ദ്രസഹമന്ത്രി V മുരളീധരൻ ആവശ്യപ്പെട്ടു.

✪✪✪

ശബരിമല തീർത്ഥാടനത്തിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്തിയെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി S സുരേഷ് കുറ്റപ്പെടുത്തി. ഇതിനെതിരെ ശബരിമലയിൽ എത്തുന്ന തീർത്ഥാടകരിൽ നിന്ന് ഒരു കോടി ഒപ്പ് ശേഖരിച്ച് പ്രധാനമന്ത്രിക്ക് സമർപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. വൃശ്ചികം ഒന്നിന് ഒപ്പുശേഖരണം ഉദ്ഘാടനം ചെയ്യും.

✪✪✪

വിവരാവകാശ അപേക്ഷകളിൽ സമയബന്ധിതമായി മറുപടി നൽകാത്ത ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി അപേക്ഷകർക്ക് നൽകുമെന്ന് സംസ്ഥാന വിവരാവകാശ കമീഷണർ TK രാമകൃഷ്ണൻ കോഴിക്കോട്ട് അറിയിച്ചു. കൃത്യവും വ്യക്തവുമായ വിവരങ്ങൾ സമയബന്ധിതമായി ലഭിക്കാൻ എല്ലാ പൗരന്മാർക്കും മൗലികാവകാശമുണ്ടെന്ന് കമ്മീഷണർ പറഞ്ഞു.

✪✪✪

വയനാട് പുൽപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡ്യൂട്ടി ഡോക്ടർക്ക് നേരെ രാത്രിയിലുണ്ടായ ആക്രമണത്തിൽ KGMOA പ്രതിഷേധം അറിയിച്ചു. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ ഗവൺമെന്റ് വരുത്തുന്ന വീഴ്ചകളിൽ സംഘടന ആശങ്ക പ്രകടിപ്പിച്ചു. കുറ്റക്കാർക്കെതിരെ ശക്തവും മാതൃകാപരവുമായ നിയമനടപടികൾ ഉറപ്പാക്കണമെന്ന് സംഘടന തിരുവനന്തപുരത്ത് ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ ആഗോള സംവാദ പരമ്പരയായ അന്താരാഷ്ട്ര കോൺക്ലേവ് ഓൺ ഗ്ലോബലൈസിംഗ് ഇന്ത്യൻ തോട്ട് ഇന്ന് ആരംഭിക്കും. പ്രൊഫ. അനിൽ സഹസ്രബുദ്ധെ, 'വിശിഷ്ടാതിഥിയാകുന്ന പരിപാടിയിൽ പ്രമുഖ നയരൂപീകരണ വിദഗ്ധർ പങ്കെടുക്കും.

✪✪✪

വെച്ചൂർ ഹരിഹര സുബ്രഹ്മണ്യ അയ്യരുടെ നൂറാം ജന്മ വാർഷിക ആഘോഷങ്ങൾ തിരുവനന്തപുരം കാർത്തിക തിരുനാൾ തിയേറ്ററിൽ പൂയം തിരുനാൾ ഗൗരി പാർവതി ഭായി തമ്പുരാട്ടി ഉദ്ഘാടനം ചെയ്തു.

സ്വാതി തിരുനാൾ സംഗീത കോളേജിലെ അധ്യാപകനായിരുന്ന അദ്ദേഹം യേശുദാസ്, നെയ്യാറ്റിൻകര വാസുദേവൻ, തിരുവിഴ ജയശങ്കർ തുടങ്ങി ഒട്ടേറെ സംഗീതജ്ഞരുടെ ഗുരുനാഥനാണ്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*